മുനിസിപ്പാലിറ്റികൾക്കു ഗ്രാൻറ്.

* 987. [12] ശ്രീ. ആർ. പ്രകാശം : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) മുനിസിപ്പാലിറ്റികൾക്ക് 1955-56 സാമ്പത്തിക വർഷത്തിൽ നൽകേണ്ട ഗ്രാൻറ് നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) ഗ്രാൻറ് നൽകുന്ന കാര്യത്തിൽ പുതിയ മാനദണ്ഡം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ എന്തെല്ലാം ;

(ഡി) ഗ്രാൻറ് നൽകുന്നതിൻെറ മാനദണ്ഡം നിശ്ചയിക്കാൻ ഇനി എത്ര കാലം പിടിക്കും ;

(ഇ) തക്കതായ കാരണം കാണിച്ചുകൊണ്ട് അഡ്വാൻസ് ഗ്രാൻറ് അനുവദിക്കുവാൻ ഏതെങ്കിലും മുനിസിപ്പാലിറ്റികൾ അപേക്ഷിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ;

(എഫ്) അതിന്മേൽ എന്തു നടപടി നടത്തി ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഇല്ല.

(ബി) വെഹിക്കിൾ ടാക്സ് കാമ്പൻസേഷനെപ്പറ്റി അവസാന തീരുമാനമെടുത്തിട്ടില്ലാത്തതിനാൽ.

(സി) ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുന്നു.

(ഡി) ഉടനേതന്നെ തീരുമാനിക്കുന്നതാണ്.

(ഇ) ഉണ്ട്. ആറിങ്ങൽ, കൊച്ചുൽ എന്നീ മുനിസിപ്പാലിറ്റികളും, തിരുവനന്തപുരം കോർപ്പൊറേഷനും.

(എഫ്) തിരുവനന്തപുരം കോർപ്പൊറേഷനു ഒരു തുക അഡ്വാൻസ് ഗ്രാൻറ് നൽകി. മറ്റുമുള്ളവ ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുന്നു.

വനംവെട്ടിത്തെളിക്കൽ.

* 988 [13] ശ്രീ. ആർ. പ്രകാശം : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കാളനൈസേഷൻ പദ്ധതിക്കായി മരങ്ങൾ മിക്കവാറും മുറിച്ചുതീർന്ന കുട്ടിവനങ്ങൾ Deforest ചെയ്യുന്നതിന് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) അങ്ങനെ ആവശ്യപ്പെടുന്ന ഏതെങ്കിലും നിവേദനങ്ങൾ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ;

(സി) ചിറയിൻകീഴ് താലൂക്കിൽ മഞ്ഞപ്പാറ റിസർവ് ഇത്തരത്തിലുള്ള ഒരു കുട്ടിവനമാണെന്നു കാണിച്ച് ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തന്വേഷണം നടത്തി?

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഇല്ല.
(ബി) ഉണ്ട്.
(സി) ഉണ്ട്.
(ഡി) അന്വേഷണത്തിലിരിക്കുന്നു.

കുത്തകപ്പാട്ടം, നിരോധനക്കരം നിരക്കുകൾ.

* 989. [15] ശ്രീ. പി. ആർ. മാധവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്നു നിലവിലുള്ള കുത്തകപ്പാട്ടം, വൃക്ഷക്കരം, നിരോധനക്കരം നിരക്കുകൾ എന്താണു്;

(ബി) അതു് നിശ്ചയിച്ചതെന്നാണു്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) കുത്തകപ്പാട്ട നിരക്കു്. ഏക്കറൊന്നിനു് പറമ്പിനു് 3 രൂപ 8 അണയും. നിലത്തിനു് 5 രൂപ 4 അണയും.

വൃക്ഷക്കരം.

		രൂ.	ണ.	പൈ.
തെങ്ങു് 1-നു്		0	8	0
കമുകു്	,,	0	2	0
പ്ലാവു്	,,	0	8	0
പന	,,	0	2	0
പുളി	,,	2	0	0
പന്ന	,,	0	5	0
മാവു്	,,	0	8	0

നിരോധനക്കരം.

അനധികൃതമായി കയ്യേറിയസ്ഥലം പുറമ്പോക്കാണെങ്കിൽ ചുമത്തുന്ന നിരോധനക്കരം, സെൻറു് ഒന്നിനു് ഒരണവച്ചുള്ള നികുതി നിരക്കിന്റെ ഇരട്ടിതമായിരിക്കുന്നതാണു്. ഓരോ കേസിലും ഇങ്ങനെ നിശ്ചയിക്കേണ്ടതു് കളക്ടറാണു്. എന്നാൽ അതു് ഒരു കേസിലും നികുതിയുടെ പത്തിരട്ടിയിൽ കവിയാൻ പാടില്ലാത്തതാകുന്നു.

(ബി) നിലവിലുള്ള കുത്തകപ്പാട്ടനിരക്കും വൃക്ഷക്കരവും നിശ്ചയിച്ചതു് 1947 മേയ് 6-ാംതീയതി മുതലും, നിരോധനനികുതി നിശ്ചയിച്ചിട്ടുള്ളതു് 1954 ജൂൺ 7-ാംതീയതി മുതലുമാണു്.

ആശുപത്രികൾ സ്ഥാപിക്കുന്നതിനു കമ്മിറ്റി.

* 990. [16] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ആശുപത്രികൾ സ്ഥാപിക്കുന്നതു സംബന്ധിച്ചു് നിയമിതമായ റാഷനലൈസേഷൻ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly